# കേരള കാർഷിക സർവ്വകലാശാല
## കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം
## സദാനന്ദപുരം പി. ഒ, കൊട്ടാരക്കര

### ക്വട്ടേഷൻ നോട്ടീസ്

നമ്പർ എഫ്.എസ്.(4)663/22 തീയതി : 22/03/2022

സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലെ സംയോജിത കൃഷി യൂണിറ്റിൽ ആട്, കോഴി,കാട തുടങ്ങിയവയുടെ പരിപാലനം, സ്ഥാപനമേധാവി നിർദ്ദേശിക്കുന്ന മറ്റു ഇതര ജോലികൾ എന്നിവ ചെയ്യുന്നതിന് 2022–2023 സാമ്പത്തിക വർഷത്തേയ്ക്ക് ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനായി താല്പര്യമുള്ള സ്കിൽഡ് തൊഴിലാളികളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ജോലിയുടെ സ്വഭാവം:

- ആടുകളുടെ സംരക്ഷണം, തീറ്റ നൽകൽ, ആടിൻ കൂട് വൃത്തിയാക്കൽ മുതലായവ
- കോഴി, കാട തുടങ്ങിയവയ്ക്ക് തീറ്റ നൽകലും അവയുടെ പരിപാലനവും.

<u>നിബന്ധനകൾ:</u>

1. കായികശേഷിയുള്ള 18 നും 50 നും ഇടയിൽ പ്രായമുള്ള തൊഴിലാളിയായിരിക്കണം.
2. ജോലി സമയം രാവിലെ 8 മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും.
3. ആട്, കോഴി എന്നിവയുടെ പരിപാലത്തിൽ കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
4. വളർത്തു മൃഗങ്ങളുടെ ഭക്ഷണ–ആരോഗ്യപരിപാലനം, കൂട് പരിപാലനം, പ്രസവത്തിന് ശേഷമുള്ള കുട്ടികളുടെയും അമ്മയുടെയും പരിപാലനം എന്നീ കാര്യങ്ങളിൽ മുൻപരിചയം ഉണ്ടായിരിക്കണം.
5. വളർത്തു മൃഗങ്ങളുടെ പാൽ കറന്നുള്ള മുൻ പരിചയം ഉണ്ടായിരിക്കണം.
6. ജോലി തൃപ്തികരമല്ലെങ്കിൽ ക്വട്ടേഷൻ റദ്ദു ചെയ്യുവാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
7. ഈ ക്വട്ടേഷൻ പ്രകാരം ജോലി ഏറ്റെടുക്കുന്നവർക്ക് ജോലികൾക്കിടയിലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാല യാതൊരുവിധ ഉത്തരവാദിത്വവും ബാധ്യതയും വഹിക്കുന്നതല്ല.
8. മേൽപ്പറഞ്ഞ ജോലിക്ക് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തി / സ്ഥാപനത്തിന്റെ ക്വട്ടേഷൻ തൃപ്തികരമെന്ന് തോന്നിയാൽ മാത്രം സ്വീകരിക്കുന്നതും ക്വട്ടേഷൻ ഉറപ്പിച്ചു നല്കുന്നതുമായിരിക്കും.
9. ക്വട്ടേഷൻ കരാർ യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിക്കാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
10. ഇപ്രകാരം ജോലി ഏറ്റെടുക്കുന്ന തൊഴിലാളിക്ക് ജോലിയുടെ വേതനം കൈപ്പറ്റുവാൻ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. സർവ്വകലാശാലയുടെ നിയമനങ്ങളിൽ യാതൊരുവിധ പരിഗണനയ്ക്കോ മുൻഗണനയ്ക്കോ ആനുകൂല്യങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.
11. .സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

12..ക്വട്ടേഷൻ ലഭിയ്ക്കുന്നയാൾ 1000/- രൂപ കരുതൽ നിക്ഷേപമായി ഈ ഓഫീസിൽ അടയ്ക്കേണ്ടതാണ്. കരാർ കാലാവധി യഥാവിധി പൂർത്തിയാക്കിയാൽ പ്രസ്തുത സംഖ്യ പലിശരഹിതമായി തിരികെ നൽകുന്നതാണ്.

മേൽപ്പറഞ്ഞ ജോലികൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി കവറിൽ ഉള്ളടക്കം ചെയ്ത് സ്റ്റേഷൻ മേധാവിയുടെ പേർക്ക് **31/03/2022 തീയതി പകൽ 2.30 ന്** മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. കവറിന് മുകളിൽ **''സംയോജിത കൃഷി യൂണിറ്റിൽ ജോലികൾ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ'**എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അന്നേ ദിവസം പകൽ **3** മണിക്ക് തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിയുടെ പേർക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും.

ഒപ്പ്
പ്രൊഫസ്സർ ആന്റ് ഹെഡ്

പകർപ്പ് : നോട്ടിസ് ബോർഡ് (2)/ ഫാം മാനേജർ/
വെട്ടിക്കവല ഗ്രാമപഞ്ചായത്ത് / വെട്ടിക്കവല വില്ലേജ് /
കൊട്ടാരക്കര മുനിസിപ്പാലിറ്റി / ഫയൽ.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

FARMING SYSTEMS RESEARCH STATION KERALA AGRICULTURAL UNIVERSITY
SADANANDAPURAM
KOTTARAKKARA-691531